കേരളത്തിൻെറ പ്രകൃതിഭംഗി

പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഒരു നാടാണ് കേരളം. സസ്യശ്യാമള കോമളമായ നാട് . കാടും മേടും കായലും പുഴയും പാടവും പറമ്പും നിറഞ്ഞ ദേശം. കേരവൃക്ഷസമൃദ്ധിയാൽ കേരളമായ രാജ്യം. ഫച്ചപരവതാനി വിരിച്ച പോലുള്ള പാടങ്ങൾ അവയ്ക്കു കസവു തുന്നിച്ചേർത്ത് ഒഴുകുന്ന കൈത്തോടുകൾ. തോട്ടുവക്കിൽ തുമ്പിക്കരം നീട്ടി താഴമ്പൂമണം പൊഴിക്കുന്ന കൈതച്ചെടികൾ. തെങ്ങും കവുങ്ങും മാവും പ്ലാവും പനയും പപ്പായയും ഫലവൃക്ഷങ്ങളും പുളിയും പുന്നയും പൂവരശും പൂന്തണലേകുന്ന പുണ്യതരുക്കൾ. ഏത്തനും കപ്പയും പൂവനും പടററിയും കദളിയും മൊന്തനും പാളയൻ തോടനും മധുരഅണ്ണാനും തിങ്ങിനിറഞ്ഞ വാഴത്തോപ്പുകൾ. പാവലും പടവലവും ചേമ്പും ചേനയും കത്തിരിയും വെള്ളരിയും വെണ്ടയും മത്തനും ചീരയും തകരയും തളിർവിടർത്തിയ തോട്ടങ്ങൾ . ഇങ്ങനെയിങ്ങനെ പറഞ്ഞാലൊടുങ്ങാത്ത വൃക്ഷങ്ങളും കുററിച്ചെടികളും സസ്യങ്ങളും ലതകളും നിറഞ്ഞതാണ് മലയാളനാട്.

കേരളവനിതകൾ ശാലീനസൗന്ദര്യത്തിനു പേരു കേട്ടവരാണ്. കേരളകുസുമങ്ങളാകട്ടെ ആരെയും ഹരം പിടിപ്പിക്കുന്നതാണ്. പിച്ചിയും മുല്ലയും പനിനീർപൂവും പാരിജാതവും തെററിയും ജമന്തിയും ചെമ്പരത്തിയും തുളസിയും അരളിയും ചെമ്പകവും അശോകവും നമ്മുടെ പൂവനങ്ങൾക്ക് വർണഭംഗി വിതറുന്നു. അവയെ തലോടി വരുന്ന താർതെന്നൽ നമുക്കു സുഗന്ധം പകരുന്നു.

മലരണിക്കാടുകൾ തിങ്ങിവിങ്ങി

മരതകകാന്തിയിൽ മുങ്ങിമുങ്ങി

കരളും മിഴിയും കവർന്നു മിന്നി

കറയറെറാരാലസൽ ഗ്രാമഭംഗി

എന്ന് ചങ്ങമ്പുഴ പാടിയത് വളരെ അർഥവത്താണ്.

കേരളമാതാവിനെ കാത്തുസൂക്ഷിക്കുന്ന ഒരു നെടും കോട്ടയാണ് സഹ്യാദ്രി. വൻമരങ്ങൾ ചൂടി തെക്കു വടക്കായി നീണ്ടു നിവർന്നു കിടക്കുന്ന അത്യുന്നതൻ. ഈട്ടിയും തേക്കും തേന്മാവും വളർന്നു പന്തലിച്ച പച്ചക്കാടുകൾ.

എങ്ങും ചന്ദനമരസൗരഭ്യം . ഈറയും മുളയും മീട്ടുന്ന മുരളീനാദം. മയിലുകളുടെ മോഹന നൃത്തം. കുയിലുകളുടെ കളകൂജനം. പലവിധ മാനുകളുടെ വർണഭംഗി, ഗജവീരന്മാരുടെ കാടിളക്കിയുള്ള ഘോഷയാത്ര. സിംഹം ,പുലി, കാട്ടുപോത്ത് തുടങ്ങിയവയുടെ ഗർജനങ്ങൾ. എല്ലാം ഒത്തിണങ്ങിയ കാനനസൗന്ദര്യം ഒരുഭാഗത്ത്. മറെറാരിടത്ത് തേയില കാപ്പീ, റബ്ബർ തുടങ്ങിയവയുടെ ഹരിതാഭകലർന്ന മൊട്ടക്കുന്നുകൾ. സഹ്യപർവ്വതസാനുക്കളിൽ നിന്നും പൊട്ടിയൊഴുകുന്ന കാട്ടുചോലകൾ. ഇത്രക്കധികം നയനാനന്ദകരമായ പ്രകൃതിഭംഗി മറെറവിടെയും കാണാൻകഴിയില്ല.

കേരളമാതാവിനു കാഞ്ചനനൂപുരം പോലെ വിളങ്ങുന്ന പശ്ചിമപാരാവാരം. അതിൽ വന്നു പതിക്കുന്ന നിരവധി നദികൾ. കടലും കായലും നദികളും കൈകോർത്തു കിടക്കുന്ന സൗന്ദര്യ ധാരയിൽ കുളിച്ചുനില്ക്കുന്ന കേരളഭൂമി ആരെയാണ് ആകർഷിക്കാത്തത്? നമ്മുടെ കൊച്ചു രാജ്യത്തിൻെറ സൗന്ദര്യം ലോകത്തെമ്പാടുമുള്ള ജനങ്ങൾക്ക് ആസ്വദിക്കാൻ കഴിയത്തക്കവിധം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. മലമ്പുഴയും തേക്കടിയും നെയ്യാർഡാമും ഇടുക്കിയും കോവളവും കന്യാകുമാരിയും വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക ദൃശ്യഭംഗി കലർന്ന ഇടങ്ങളാണ്. പദ്ധതികളുടെ പേരിലോ,മാലിന്യം മൂലമോ നമ്മളതിന് കളങ്കം ചാർത്തരുത്. അധികാരികൾ മാത്രമല്ല , നമ്മളോരോരുത്തരും കേരളത്തിൻെറ പ്രകൃതി ഭംഗി കാത്തുസൂക്ഷിക്കാൻ കടപ്പെട്ടവരാണ്.